# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*94** **03.12.2015 ൽ മറുപടിക്ക്**

## ദേശീയപാതാ വികസനത്തിന് സ്ഥലമേറ്റെടുക്കുന്നതിനുള്ള നടപടി

**ചോദ്യം**

ശ്രീ. ബി. സത്യൻ
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
ശ്രീ. ബാബു എം. പാലിശ്ശേരി

എ) ദേശീയപാതാ വികസനത്തിന് സ്ഥലമേറ്റെടുക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

ബി) അന്തിമമായി എത്ര മീറ്റർ വീതിയിലാണ് റോഡ് വികസിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളത്; ഇത് സംബന്ധിച്ച് നാഷണൽ ഹൈവേ അതോറിറ്റിയുമായി ധാരണയിലെത്തിയിട്ടുണ്ടോ;

സി) സ്ഥലമേറ്റെടുക്കൽ സംബന്ധിച്ച് എൻ.എച്ച്.എ. യുടെ നിർദ്ദേശങ്ങൾ എന്തെല്ലാമാണ്; ഇത് സംബന്ധിച്ച് നൽകിയിട്ടുള്ള ഉറപ്പുകൾ എന്തെല്ലാമാണ്; ഇതു പാലിക്കപ്പെട്ടിട്ടുണ്ടോ;

**ഉത്തരം**

ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ്
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

എ) ബി) & സി) സംസ്ഥാനത്തെ പ്രധാനപ്പെട്ട ദേശീയപാതകളായ എൻ.എച്ച്.17-ഉം എൻ.എച്ച്.47-ഉം 45 മീറ്റർ വീതിയിൽ (ROW) നാലുവരിപ്പാതയായി വികസിപ്പിക്കുവാനാണ് ഉദ്ദേശിച്ചിരിക്കുന്നത്. ഇതിൽ എൻ.എച്ച്.47-ലെ വാളയാർ മുതൽ വടക്കൻചേരി വരെയും തൃശ്ശൂർ മുതൽ ഇടപ്പള്ളി വരെയും സ്ഥലമേറ്റെടുത്ത് നിർമ്മാണം പൂർത്തിയാക്കി. വടക്കൻ ചേരി മുതൽ തൃശ്ശൂർ വരെയുള്ള ഭാഗം സ്ഥലമേറ്റെടുത്ത് 6 വരിപ്പാതയായി വികസിപ്പിക്കുന്നതിനുള്ള പ്രവൃത്തികൾ പുരോഗമിച്ച് വരുന്നു. ശേഷിക്കുന്ന തലപ്പാടി മുതൽ കഴക്കൂട്ടം വരെയുള്ള ഭാഗത്തെ സ്ഥലമെടുപ്പ് അനിശ്ചിതമായി നീണ്ടു പോയ സാഹചര്യത്തിൽ ദേശീയപാതാ വികസന അതോറിറ്റി ഈ ഭാഗത്തെ വികസന പദ്ധതിയിൽ നിന്നും പിൻമാറുകയുണ്ടായി. എന്നാൽ ദേശീയപാത വികസനത്തിനായി 45 മീറ്റർ വീതിയിൽ സ്ഥലം അടിയന്തരമായി ഏറ്റെടുത്ത് ദേശീയപാതാ അതോറിറ്റിക്ക് കൈമാറാം എന്ന സംസ്ഥാന സർക്കാരിന്റെ ഉറപ്പിന്റെയും, നിരന്തരമായ അഭ്യർത്ഥനയുടെയും അടിസ്ഥാനത്തിൽ കേന്ദ്ര മന്ത്രാലയം ഈ പദ്ധതി പുനരാരംഭിക്കുവാൻ ദേശീയപാതാ

അതോറിറ്റിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ പാതയുടെ വികസനത്തിനു വേണ്ട ഡി.പി.ആർ. തയ്യാറാക്കാൻ കേന്ദ്ര സർക്കാർ ടെണ്ടർ ക്ഷണിച്ചിട്ടുമുണ്ട്. ദേശീയപാതയുടെ വീതി 45 മീറ്റർ ആയി അംഗീകരിച്ച് ജി.ഒ.(എം.എസ്)94/2014/ പി.ഡബ്ല്യു.ഡി. തീയതി 25.10.2014 പ്രകാരം ഉത്തരവ് ഇറക്കിയിട്ടുണ്ട്. സ്ഥലമേറ്റെടുപ്പ് പൂർത്തീകരിക്കുന്നതിനായി അലൈൻ മെന്റിലുള്ള പ്രശ്നങ്ങൾ പരിഹരിക്കു വാൻ സംസ്ഥാന ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ഒരു ഉന്നതതല കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. അലൈൻ മെന്റ് സംബന്ധിച്ച പ്രശ്നങ്ങൾ പരിഹരിക്കുന്ന മുറയ്ക്ക് സ്ഥലമെടുപ്പ് നടപടികൾ പുനരാരംഭിക്കുന്നതാണ്.

| | |
|---|---|
| ഡി) ദേശീയപാതാ വികസനത്തിന് എത്രയളവിൽ ഭൂമി ഏറ്റെടുക്കേണ്ടി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; | ഡി) തലപ്പാടി മുതൽ കഴക്കൂട്ടം വരെയുള്ള ദേശീയപാതാ വികസനത്തിന് 1233.24 ഹെക്ടർ സ്ഥലം ഏറ്റെടുക്കേണ്ടി വരും എന്നാണ് കണക്കാക്കിയിട്ടുള്ളത്. ഇതിൽ 8.77 ഹെക്ടർ സ്ഥലം മാത്രമേ ഇതുവരെ ഏറ്റെടുക്കാൻ കഴിഞ്ഞിട്ടുള്ളു. കൂടാതെ വാളയാർ മുതൽ ഇടപ്പള്ളി വരെയുള്ള പ്രദേശത്ത് ആവശ്യമായ 200.77 ഹെക്ടർ സ്ഥലവും ഏറ്റെടുത്തിട്ടുണ്ട്. |
| ഇ) ഇതിൽ എത്ര ശതമാനം ഭൂമി ഏറ്റെടുക്കാൻ കഴിഞ്ഞുവെന്ന് വ്യക്തമാക്കുമോ; ബാക്കി സ്ഥലമെടുപ്പ് എന്നത്തേക്ക് പൂർത്തിയാക്കുമെന്ന് അറിയാമോ? | ഇ) സംസ്ഥാനത്ത് ദേശീയാപാതാ വികസനത്തിന് ആവശ്യമായ ഭൂമിയിൽ ആകെ 14.6% മാത്രമേ ഇതുവരെ ഏറ്റെടുക്കുവാൻ കഴിഞ്ഞിട്ടുള്ളു. അലൈൻമെന്റ് സംബന്ധിച്ച പ്രശ്നങ്ങൾ പരിഹരിക്കുന്ന മുറയ്ക്ക് സ്ഥലമെടുപ്പ് നടപടികൾ പുനരാരംഭിക്കുന്നതാണ്. |

Sabitha

**സെക്ഷൻ ഓഫീസർ**